# കിഴക്കേത്തൊട്ടിയിൽ ശാഖ

പൈലോക്കാരണവരുടെ നാലാമത്തെ മകനായ പൈലോ 1877ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. പൈലോ മാറിടം കരയിൽ നിന്ന് അന്നയെ വിവാഹം ചെയ്തു. അധികകാലം കഴിയുന്നതിനു മുൻപ് അസുഖം മൂലം അന്ന മരിക്കുകയും തുടർന്ന് കുരുവിനാൽ ഇടവക പരത്തനാൽ മത്തായിയുടെ മകൾ മറിയത്തെ രണ്ടാം വിവാഹം കഴിക്കുകയും ചെയ്തു. വിവാഹാനന്തരം കിഴക്കേതൊട്ടിയിലേക്കു മാറിത്താമസിച്ചു. പൈലോ ഒരു നല്ല കൃഷിക്കാരനായിരുന്നു. പരമ്പരാഗതമായി ലഭിച്ച ആയ്യുർവ്വേദ ചികിത്സയും പൈലോയ്ക്കു വശമായിരുന്നു. മൃഗചികിത്സയിൽ വിദഗ്ധനായിരുന്ന പൈലോയുടെ ഉപദേശം തേടി ധാരാളം ആളുകൾ എത്തിയിരുന്നു. 1954 ജൂലൈ മാസം 30നു പൈലോയും 1957 മാർച്ച് 16നു മറിയവും വാർദ്ധക്യത്തിൽ മരണമടഞ്ഞു. രണ്ടുപേരെയും കൂടല്ലൂർപള്ളി സെമിറ്ററിയിൽ സംസ്കരിച്ചു. പൈലോയ്ക്ക് ആദ്യ ഭാര്യ അന്നയിൽ ഒരു പുത്രിയും രണ്ടാം ഭാര്യ മറിയത്തിൽ അഞ്ചു പുത്രന്മാരും ഒരു പുത്രിയും മക്കളായുണ്ട്.

1. ഏലി
2. മത്തായി (കുട്ടി)
3. തോമസ് (തൊമ്മി)
4. ജോസഫ് (കുഞ്ഞേപ്പ് )
5. മറിയം (പെണ്ണ്)
6. വർക്കി (കുഞ്ഞുവർക്കി)
7. സെബാസ്റ്റ്യൻ (പാപ്പച്ചൻ)

## 1. ഏലി

പൈലോയുടെ ആദ്യവിവാഹത്തിലെ മകളായ ഏലി ജനിച്ച ഉടനെ അമ്മ മരിച്ചു. ഏലിയെ കടപ്ലാമറ്റം കരയിൽ പാലക്കീൽ ജോസഫ് കുര്യാക്കോ വിവാഹം കഴിച്ചു. ഇരുവരും സ്ഥലം വിറ്റ് മലബാറിൽ കുടരഞ്ഞിയിലേക്കു പോവുകയും അവിടെവച്ചു വാർദ്ധക്യത്തിൽ മരണമടയുകയും ചെയ്തു.

## 2. മത്തായി (കുട്ടി)

കുട്ടി എന്നു വിളിക്കുന്ന മത്തായി 1908 ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി. ചേർത്തല പള്ളിപ്പുറത്ത് ഔസേപ്പിന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു. കുറച്ചുകാലം കടപ്പൂരു താമസിക്കുകയും തുടർന്നു സ്ഥലം വിറ്റ് ഇടുക്കി ജില്ലയിൽ ഉപ്പുതറയിൽ താമസമാക്കി. അവിടെ വ്യാപാരം ചെയ്ത് കുറെക്കാലം താമസിച്ചു. അവിടെനിന്നു കൽത്തൊട്ടിയിലേക്കു മാറി താമസിച്ചു. ഒരുനല്ല കൃഷിക്കാരനായിരുന്നു മത്തായി. കൽത്തൊട്ടി.യിൽ താമസമാക്കി ഏറെക്കഴിയുന്നതിനു മുൻപ് രോഗബാധിതനാവുകയും വാർദ്ധകൃത്തിലെത്തും മുൻപ് മരിക്കുകയും ചെയ്തു. ത്രേസ്യായും മരിച്ചു. മത്തായി – ത്രേസ്യാ ദമ്പതികൾക്ക് നാലു പുത്രിമാരും ഒരു പുത്രനും മക്കളായുണ്ട്.



കിഴക്കേതൊട്ടിയിൽ (മൂശാരിയേട്ട്) കുട്ടിയുടെ ഭാര്യ ത്രേസ്യാമ്മ

1 തെയ്യാമ്മ (കുഞ്ഞുപെണ്ണ്) 2 മറിയാമ്മ 3 ക്ലാരമ്മ 4 ഏലിയാമ്മ (ആലീസ്) 5 പൈലോ (പാപ്പച്ചൻ)

**1 തെയ്യാമ്മ**

കുഞ്ഞുപെണ്ണ് എന്നുകൂടി വിളിക്കുന്ന തെയ്യാമ്മയെ ഇടുക്കി ജില്ലയിൽ ഉപ്പുതറ പാറയിൽ ദേവസ്യാ വിവാഹം ചെയ്തു. അവിടെ നിന്ന് അവർ നത്തുകല്ലിലേക്കു മാറി താമസിച്ചു. ഇപ്പോൾ മക്കളുമൊത്തു നത്തുകല്ലിൽ താമസിക്കുന്നു.

**2 മറിയാമ്മ**

കുട്ടിയുടെ രണ്ടാമത്തെ മകളായ മറിയാമ്മയെ കാഞ്ഞിരപ്പള്ളി കരയിൽ കൈപ്പൻപ്ലാക്കൽ കുട്ടി വിവാഹം ചെയ്തു.

### 3 ക്ലാരമ്മ

കുട്ടിയുടെ മൂന്നാമത്തെ മകളായ ക്ലാരമ്മയെ കടപ്ലാമറ്റം ഇടവക കാരുവേലിൽ വർക്കി (പാപ്പച്ചൻ) വിവാഹം കഴിച്ചു. 1993ൽ ഇവർ സ്ഥലം വിറ്റ് ഇടുക്കി ജില്ലയിൽ കല്ലൂർക്കാട് എന്ന സ്ഥലത്തു പോയി താമസിച്ചു അവിടെനിന്ന് 1995ൽ കൂടല്ലൂർ കരയിൽ സ്ഥലം വാങ്ങി കാരുവേലിൽ എന്ന വീട്ടുപേരിൽ താമസിച്ചു. അവിടെ നിന്നും ചാലക്കുടിക്കു പോവുകയും ഇപ്പോൾ ഇളയമകൻ സാജു വിനൊപ്പം അവിടെ താമസിക്കുകയും ചെയ്യുന്നു. ഇവർക്കും 3 ആണും 3 പെണ്ണും മക്കളായുണ്ട്. ഇതിൽ രണ്ടു പേർ കന്യാസ്ത്രീ കളാണ്.

### 4. ഏലിയാമ്മ

ആലീസ് എന്നു വിളിക്കുന്ന ഏലിയാമ്മ കുട്ടിയുടെ ഇളയ മകളാണ്. ഏലിയാമ്മയെ ഇടുക്കി ജില്ലയിൽ കൽത്തൊട്ടി വട്ടനിര പ്പേൽ ജോൺ വിവാഹം കഴിച്ചു. ഇപ്പോൾ മക്കളുമൊത്ത് ചാലക്കു ടിയിൽ താമസിക്കുന്നു.

### 5. പൈലോ (പാപ്പച്ചൻ)



കിഴക്കേതൊട്ടിയിൽ (മൂശാരിയേട്ട്) പാപ്പച്ചൻ (കൽത്തൊട്ടി)

കുട്ടിയുടെ ഏകമകനായ പാപ്പ ച്ചൻ എന്നു വിളിക്കുന്ന പൈലോ 1949ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തി യാക്കിയ ശേഷം കൃഷിക്കാര്യങ്ങളിൽ വ്യാപൃതനായി. 1973ൽ ഉദയഗിരി വാവേ ലിൽ അബ്രാഹത്തിന്റെ മകൾ ക്ലാരമ്മയെ വിവാഹം ചെയ്തു. ഇവർ കൽത്തൊട്ടി യിൽ മൂശാരിയേട്ട് എന്ന വീട്ടുപേരിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. അസു ഖത്തെ തുടർന്ന് പാപ്പച്ചൻ 28.05.2000 ൽ മരിച്ചു. പാപ്പച്ചൻ ക്ലാരമ്മ ദമ്പതികൾക്ക് മൂന്നാൺമക്കളും രണ്ടു പെൺമക്കളുമുണ്ട്.



കിഴക്കേതൊട്ടിയിൽ (മൂശാരിയേട്ട്)
പാപ്പച്ചന്റെ ഭാര്യ ക്ലാരമ്മയും കുടുംബവും (കൽത്തൊട്ടി)

1. സിസ്റ്റർ സുമ
2 മത്തായി (സുനിൽ)
3 അബ്രഹാം (അനിൽ)
4 മറിയം (അനിത)
5 പോൾ (അനൂപ്)

**1. സിസ്റ്റർ സുമ–** മിനി എന്നു വിളിക്കുന്ന സിസ്റ്റർ സുമ 9.9.1974ൽ ജനിച്ചു. പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം തിരുഹൃദയ സന്യാസിനി സമൂഹത്തിൽ ചേർന്നു 28.10.1995 ൽ സഭാ വസ്ത്രം സ്വീകരിക്കുകയും 19.05.2001 ൽ നിത്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. BA, BEd. Special Education. പഠനത്തിനു ശേഷം കാഞ്ഞിരപ്പള്ളി ആശാ ഹോമിൽ വിഭിന്ന ശേഷിയുള്ള കുട്ടികളെ ശുശ്രൂഷിക്കുകയും പൊൻകുന്നം ആശാ നിലയത്തിൽ അദ്ധ്യാപികയായി ജോലി നോക്കുകയും ചെയ്യുന്നു.

**2. സുനിൽ (മത്തായി) :** സുനിൽ എന്നു വിളിക്കുന്ന മത്തായി 5.11.76ൽ ജനിച്ചു.കട്ടപ്പന ഗവൺമെന്റ് കോളേജിൽ നിന്നും ബിരുദപഠനത്തിനു ശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു.9.7.2006 ൽ കൽത്തൊട്ടി വിലങ്ങുപാറയിൽ മരിയയെ വിവാഹം ചെയ്തു. ഇവർക്ക് 3 ആണും ഒരു പെണ്ണും മക്കളായുണ്ട്.



കിഴക്കേതൊട്ടിയിൽ (മൂശാരിയേട്ട്) സുനിലും കുടുംബവും

1. ആഗ്നൽ 2. ആഷ്‌ലി 3. ആദർശ് 4. ആഷർ

1. ആഗ്നൽ- സുനിലിന്റെ മൂത്ത പുത്രനായ ആഗ്നൽ 27.4.2007 ൽ ജനിച്ചു. കട്ടപ്പന ഓക്സീലിയൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 3-ാം ക്ലാസിൽ പഠിക്കുന്നു.

2. ആഷ്‌ലി (ക്ലയർ) - സുനിലിന്റെ ഏക പുത്രിയായ ആഷ്‌ലി 19.03.2009 ൽ ജനിച്ചു. കട്ടപ്പന ഓക്സീലിയൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 2-ാം ക്ലാസിൽ പഠിക്കുന്നു.

3. ആദർശ് - സുനിലിന്റെ രണ്ടാമത്തെ പുത്രനായ ആദർശ് 3-1-2011 ൽ ജനിച്ചു. കട്ടപ്പന ഓക്സീലിയൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 1-ാം ക്ലാസിൽ പഠിക്കുന്നു

4. ആഷർ സുനിലിന്റെ ഇളയമകനായ ആഷർ 28.2.2012 ൽ ജനിച്ചു. നഴ്സറിയിൽ പഠിക്കുന്നു.

**3. അനിൽ (അബ്രഹാം) :** അനിൽ എന്നു വിളിക്കുന്ന അബ്രഹാം 8.12.1978ൽ ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം

പാരാ മിലിട്ടറി ഫോഴ്സിൽ ചേർന്നു. ഇപ്പോൾ ജയ്സെൽമെർ എന്ന സ്ഥലത്ത് ആർട്ടിലറി റെജിമെന്റ് ജോലിചെയ്യുന്നു. 4.2.2012 അതിരമ്പുഴ ഇടവക ചെറുമുട്ടം തോമസ്-ഏലിയാമ്മ മകൾ ലിമിയെ വിവാഹം ചെയ്തു. ലിമി സൗദിയിൽ നേഴ്സാണ്. ഇവർക്ക് ഒരു മകനുണ്ട്. 1.അലൻ



കിഴക്കേതൊട്ടിയിൽ (മൂശാരിയേട്ട്) അനിലും കുടുംബവും

1.അലൻ (പോൾ) - 18.12.2013 ൽ ജനിച്ചു.

**4. അനിത (മറിയം) :** അനിത എന്നു വിളിക്കുന്ന മറിയം 23.1.1981ൽ ജനിച്ചു. നഴ്സിംഗ് പഠനം പൂർത്തിയാക്കിയതിനു ശേഷം മണിമല ചെറുവള്ളി ഇടവക തകിടിക്കൽത്താഴെ ഷാജിയെ വിവാഹം ചെയ്തു.ഇവർക്ക് മൂന്നു പെൺമക്കളുണ്ട്.

**5. അനൂപ് (പോൾ):** പാപ്പച്ചന്റെ ഇളയമകനായ അനൂപ് എന്നു വിളിക്കുന്ന പോൾ 13.4.83ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ബി.എസ്.എഫ് ൽ ചേർന്നു.ഇപ്പോൾ സഹോദരനായ അനിലിനൊപ്പം ജയ്സെൽമെർ എന്ന സ്ഥലത്ത് ആർട്ടിലറി റെജിമെന്റ് ജോലിചെയ്യുന്നു.

## 3 കെ. പി. തോമസ് (തൊമ്മി)

കിഴക്കേത്തൊട്ടിയിൽ പൈലോയുടെ മക്കളിൽ മൂന്നാമനായ തൊമ്മി 1912ൽ ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാ

ക്കിയ ശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി. പുന്നത്തുറ വാതല്ലൂകാലായിൽ തൊമ്മന്റെ മകൾ കത്രിക്കുട്ടിയെ വിവാഹം കഴിച്ചു. വിവാഹാനന്തരം മറ്റപ്പള്ളിൽ പുരയിടത്തിലേക്കു മാറിത്താമസിച്ചു. 1978 ഫെബ്രുവരി മാസത്തിൽ സ്ഥലം വിറ്റ് മക്കളോടൊപ്പം കാസർകോടു ജില്ലയിൽ ബിരിക്കുളം കരയിൽ സ്ഥലം വാങ്ങി കിഴക്കേത്തൊട്ടിയിൽ എന്ന വീട്ടു പേരിൽ താമസിച്ചു. തൊമ്മി 28.11.2008 ലും കത്രിക്കുട്ടി 27.9.2002 ലും നിര്യാതരായി.തൊമ്മി–കത്രിക്കുട്ടി ദമ്പതികൾക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്. ഇരുവരെയും ബിരിക്കുളം ലിറ്റിൽ ഫ്ളവർ പള്ളി കുടുംബകല്ലറയിൽ സംസ്കരിച്ചു.



കിഴക്കേതൊട്ടിയിൽ പൈലോ തോമസും (തൊമ്മി) കുടുംബവും (ബിരിക്കുളം)

1. മേരി
2. പൗലോസ് (കുഞ്ഞ്)
3. തോമസ് (കൊച്ച്)
4. ജോസഫ്
5. ജോർജ്ജ് (വക്കച്ചൻ)
6. തങ്കമ്മ

## 1. മേരി

തൊമ്മിയുടെ മൂത്തമകളായ മേരിയെ മണ്ണയ്ക്കനാട് പുന്നയ്ക്കൽ അഗസ്റ്റിൻ വിവാഹം കഴിച്ചു. ഇവർ സ്ഥലം വിറ്റ് മലബാറി

ലേക്കു പോവുകയും കാസർഗോഡ് ജില്ലയിൽ പേരിയങ്ങാനം കരയിൽ പുന്നയ്ക്കൽ എന്ന വീട്ടുപേരിൽ താമസിക്കുകയും ചെയ്യുന്നു. അഗസ്റ്റിൻ അസുഖം മൂലം മരണമടഞ്ഞു. ഇവർക്ക് രണ്ടാൺമക്കളും മൂന്നു പെൺമക്കളുമുണ്ട്.

## 2 പൗലോസ് (കുഞ്ഞ്)

കിഴക്കേതൊട്ടിയിൽ തൊമ്മിയുടെ മൂത്തമകനായ കുഞ്ഞ് എന്നു വിളിക്കുന്ന പൗലോസ് 9.1.1944 ൽ ജനിച്ചു. മിഡിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി. 10.101964 ൽ രത്ന ഗിരി ഇടവക പടിഞ്ഞാറേകുറ്റിപാക്കിയിൽ വർക്കിയുടെ മകൾ റോസമ്മയെ വിവാഹം ചെയ്തു. 1974 വരെ പിതാവിനോടൊപ്പം മറ്റപ്പള്ളിൽ താമസിക്കുകയും 1974 മാർച്ച് 30നു മലബാറിനുപോവുകയും കാസർകോടുജില്ലയിൽ പെരിയങ്ങാനത്തു സ്ഥലം വാങ്ങി കിഴക്കേത്തൊട്ടിയിൽ എന്ന വീട്ടുപേരിൽ താമസിക്കുകയും ചെയ്യുന്നു. കുഞ്ഞ് - റോസമ്മ ദമ്പതികൾക്ക് രണ്ട് ആൺമക്കളും നാലുപെൺമക്കളുമുണ്ട്.

| | |
|---|---|
| 1. സി. ഷൈനി (കത്രീന) | 2. മോളി (ഏലിയാമ്മ) |
| 3. മറിയാമ്മ | 4. തോമസ് |
| 5. വർഗീസ് | 6. റോസമ്മ |

**1. സിസ്റ്റർ ഷൈനി :** ഷൈനി എന്നു വിളിക്കുന്ന സിസ്റ്റർ ഷൈനി 2.4.1968ൽ ജനിച്ചു. പ്രീഡിഗ്രിവിദ്യാഭ്യാസത്തിനു ശേഷം ബാംഗ്ലൂരിൽ ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് പുവർ എന്ന സന്യാസസഭയിൽ ചേർന്ന് പ്രേഷിതപ്രവർത്തനം നടത്തുന്നു.

**2. മോളി (ഏലിയാമ്മ)** മോളി എന്നുവിളിക്കുന്ന ഏലിയാമ്മ കിഴക്കേത്തൊട്ടിയിൽ കുഞ്ഞിന്റെ രണ്ടാമത്തെ മകളാണ്. 8.5.1970 ൽ ജനിച്ച ഏലിയാമ്മ SSLC വിദ്യാഭ്യാസം പൂർത്തിയാക്കി. 28.12.1992ൽ കാസർകോടു ജില്ലയിൽ ചിറ്റാരിക്കൽ ഇടവക കൊച്ചുമുറിയിൽ വർക്കിയുടെ മകൻ ജോയ് വിവാഹം ചെയ്തു.

**3. മറിയാമ്മ (ഷാന്റി)** കിഴക്കേത്തൊട്ടിയിൽ കുഞ്ഞിന്റെ മൂന്നാമത്തെ മകളായ മറിയാമ്മ എന്നു വിളിക്കുന്ന ഷാന്റി 20.4.1973 ൽ ജനിച്ചു. പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ബീഹാറിൽ അദ്ധ്യാപികയായി ജോലി നോക്കുന്നു.

**4. തോമസ് (ഷിജു) :** കുഞ്ഞിന്റെ ആൺമക്കളിൽ മൂത്തവനായ ഷിജു എന്നു വിളിക്കുന്ന തോമസ് 15.6.1975ൽ ജനിച്ചു. SSLC വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം പിതാവിനോടൊപ്പം കൃഷി കാര്യങ്ങളിൽ വ്യപൃതനായി.15.01.1999 ൽ വെള്ളരികുണ്ട് വിതയത്തിൽ സ്കറിയയുടെ മകൾ ജീനയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകളുണ്ട്.

1. ജെസ്ന -ഷിജുവിന്റെ ഏകമകളായ ജെസ്ന 1.1.2001 ൽ ജനിച്ചു. 9–ാം ക്ലാസിൽ പഠിക്കുന്നു.

5. വർഗീസ് (ഷിബു): കുഞ്ഞിന്റെ മക്കളിൽ അഞ്ചാമനായ ഷിബു എന്ന വർഗീസ്. 30.5.78ൽ ജനിച്ചു. ഇലക്ട്രീഷ്യൻ കോഴ്സ് പാസ്സായ ഷിബു ദുബായിൽ ജോലി ചെയ്യുന്നു. 6.5.2008 ൽ ഭീമനടി നറുക്കലക്കാട് ഇട്ട്യാടത്ത് വീട്ടിൽ ഷൈനിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പെൺമക്കളുണ്ട്.

1.റോസ് മരിയ 2. മരിയ സൂസൻ

1. റോസ് മരിയ – ഷിബുവിന്റെ മൂത്തമകളായ റോസ് മരിയ 12.04.2010 ൽ ജനിച്ചു. 1–ാം ക്ലാസിൽ പഠിക്കുന്നു.

2. മരിയ സൂസൻ – ഷിബുവിന്റെ രണ്ടാമത്തെ മകളായ മരിയ സൂസൻ 27.7.2013 ൽ ജനിച്ചു.

**6. റോസമ്മ:** കുഞ്ഞിന്റെ ഇളയമകളായ റോസമ്മ 2.6.1980ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം റോസമ്മയെ പരപ്പ പള്ളത്തുമല വടക്കിനാൽ ജാക്സൻ വിവാഹം ചെയ്തു.

## 3) തോമസ് (കൊച്ച്)

കിഴക്കേത്തൊട്ടിയിൽ തൊമ്മിയുടെ മക്കളിൽ മൂന്നാമനായ കൊച്ച് എന്നു വിളിക്കുന്ന തോമസ് 20.6.1950ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1974ൽ കളത്തൂർ കൂനാംപുറം വീട്ടിൽ മത്തായിയുടെ മകൾ റോസമ്മയെ വിവാഹം ചെയ്തു. 1978ൽ പിതാവിനോടൊപ്പം കാസർകോട് ജില്ലയിൽ ബിരിക്കുളത്തേക്കു സ്ഥലം വിറ്റു പോവുകയും അവിടെ വേറെ കുടുംബമായി താമസിക്കുകയും ചെയ്യുന്നു. തോമസ് -റോസമ്മ ദമ്പതികൾക്ക് രണ്ടു പുത്രിമാരും ഒരു പുത്രനും ഉണ്ട്.

1. സിന്ധു 2. ദീപ 3 റ്റിജോ

**1. സിന്ധു :** തോമസിന്റെ മൂത്തമകളായ സിന്ധു 18.3.75ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി കണ്ണൂർ ജില്ലയിൽ മണക്കടവുകരയിൽ ആലുങ്കൽ ബിനോയ് വിവാഹം ചെയ്തു

**2. ദീപ :** തോമസിന്റെ രണ്ടാമത്തെ മകളായ ദീപ 25.5.78ൽ ജനിച്ചു. വിവാഹിതയായ ദീപ ഇപ്പോൾ ദുബായിൽ ജോലി ചെയ്യുന്നു.

**3. റ്റിജോ :** കിഴക്കേത്തൊട്ടിയിൽ തോമസിന്റെ ഏകമകനായ റ്റിജോ 10.2.1981ൽ ജനിച്ചു. പ്ലസ്ടൂവിനു ശേഷം കൃഷി കാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു.

## 4) ജോസഫ് (ജോസ്)

ജോസ് എന്നു വിളിക്കുന്ന ജോസഫ് കിഴക്കേത്തൊട്ടിയിൽ തൊമ്മിയുടെ മക്കളിൽ നാലാമനാണ്. 11.1.1952ൽ ജനിച്ചു. മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷിയിൽ വ്യാപൃതനായി. 1975ൽ കുരോപ്പട മനയിൽ പീലിപ്പോസിന്റെ മകൾ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. 1978ൽ പിതാവിനോടൊപ്പം മലബാറിലേക്കു പോവുകയും കാസർകോടു ജില്ലയിൽ ബിരിക്കുളം എന്ന സ്ഥലത്ത് കിഴക്കേതൊട്ടിയിൽ എന്ന വീട്ടുപേരിൽ വേറെ താമസിക്കുകയും ചെയ്യുന്നു. ജോസ് - ത്രേസ്യാമ്മ ദമ്പതികൾക്ക് മൂന്നു പുത്രന്മാരുണ്ട്.

1. സാജു 2 സജി 3. സാബു

1. സാജു : ജോസിന്റെ മൂത്തമകനായ സാജു 15.3.1977ൽ ജനിച്ചു. ഹൈസ്കുളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി കൃഷി കാര്യങ്ങളിൽ വ്യാപൃതനാണ്. 03.05.2004 ൽ കാലിച്ചാനടുക്കം കൊണ്ടയിൽ തങ്കച്ചന്റെ മകൾ സിമിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകനും ഒരു മകളുമുണ്ട്.

1. ഏയ്ഞ്ചൽ 2. ആദീൽ

1. ഏയ്ഞ്ചൽ - സാജുവിന്റെ മൂത്തമകളായ ഏയ്ഞ്ചൽ 25.9.2005 ൽ ജനിച്ചു. 5-ാം ക്ലാസിൽ പഠിക്കുന്നു.

2. ആദിൽ - സാജുവിന്റെ മക്കളിൽ രണ്ടാമനായ ആദിൽ 13.05.2011 ൽ ജനിച്ചു.

**2 സജി :** ജോസിന്റെ രണ്ടാമത്തെ മകനായ സജി 20.11.1980 ൽ ജനിച്ചു, സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷി കാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു. 28.02.2005 ൽ തളിപ്പറമ്പ് ആലഞ്ചേരിയിൽ ജോഷി മകൾ ബിസ്സിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകനും ഒരു മകളുമുണ്ട്.

1. ക്രിസ്റ്റി 2.ആൽബിക

1. ക്രിസ്റ്റി – സജിയുടെ മൂത്തമകനായ ക്രിസ്റ്റി 13.09.2006 ൽ ജനിച്ചു. 4–ാം ക്ലാസിൽ പഠിക്കുന്നു.

2. ആൽബിക സജിയുടെ രണ്ടാമത്തെ മകളായ ആൽബിക 8.8.2011 ൽ ജനിച്ചു. നഴ്സറിയിൽ പഠിക്കുന്നു.

**3. സാബു** ; കിഴക്കേത്തൊട്ടിയിൽ ജോസിന്റെ മൂന്നാമത്തെ മകനായ സാബു 16.8.1983ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷിയിൽ വ്യാപൃതനായി കഴിയുന്നു. 30.5.2009 ൽ കാലിച്ചാംപാറ ചിരട്ടവയൽ ജോസഫിന്റെ മകൾ ജിഷയെ വിവാഹം ചെയ്തു.ഇവർക്ക് രണ്ടു പുത്രന്മാരുണ്ട്.

1. ഡിമോൺ 2. ഡിയോൺ

1. ഡിമോൺ – സാബുവിന്റെ മൂത്തപുത്രനായ ഡിമോൺ 19.2.2012 ൽ ജനിച്ചു.

2. ഡിയോൺ – സാബുവിന്റെ രണ്ടാമത്തെ പുത്രനായ ഡിയോൺ 7.11.2014 ൽ ജനിച്ചു.

## 5) ജോർജ്ജ് (വക്കച്ചൻ)

കിഴക്കേത്തൊട്ടിയിൽ തൊമ്മിയുടെ ആൺമക്കളിൽ ഇളയവനായ വക്കച്ചൻ എന്നുവിളിക്കുന്ന ജോർജ് 15.5.1956ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷിയിൽ വ്യാപൃതനായി. 1978ൽ പിതാവിനോടൊപ്പം മലബാറിനു പോകുകയും കാസർകോടുജില്ലയിൽ ബിരിക്കുളംകരയിൽ കിഴക്കേത്തൊട്ടിയിൽ എന്ന വീട്ടുപേരിൽ താമസിക്കുകയും ചെയ്യുന്നു. 6.8.1984ൽ കോഴിക്കോട് രൂപത കനകപ്പള്ളി ഇടവക വിരിപ്പുകാലായിൽ മത്തായിയുടെ മകൾ മേരിയെ വിവാഹം ചെയ്തു. ജോർജ്ജ്–മേരി ദമ്പതികൾക്ക് ഒരു മകനും ഒരു മകളുമുണ്ട്.

1. ജോബി 2. ജോസ്ന

**1. ജോബി :** വക്കച്ചന്റെ മൂത്തപുത്രനായ ജോബി 28.2.1986ൽ ജനിച്ചു. എൻജിനിയറിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോബി ബാംഗ്ലൂരിൽ മെക്കാനിക്കൽ എൻജിനിയറായി ജോലി നോക്കുന്നു.

**2. ജോസ്ന :** വക്കച്ചന്റെ ഏകപുത്രിയായ ജോസ്ന 6.8.1988ൽ ജനിച്ചു. ബി.എ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോസ്നയെ 17.09.2011 ൽ ബിരിക്കുളം തെക്കേക്കുറ്റ് സിജോ വിവാഹം ചെയ്തു. ഇവർക്ക് ഒരു പുത്രനുണ്ട്.

### 6) തങ്കമ്മ

കിഴക്കേത്തൊട്ടയിൽ തൊമ്മിയുടെ ഇളയമകളായ തങ്കമ്മ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തങ്കമ്മയെ കാസർകോടു ജില്ലയിൽ ചോയിയംകരയിൽ പുതിയവീട്ടിൽ ദേവസ്യായുടെ മകൻ തോമസ് വിവാഹം കഴിച്ചു. അവർ കുടുംബസമേതം കർണ്ണാടകയിലെ നെട്ടണ എന്ന സ്ഥലത്ത് താമസിക്കുന്നു.

## 4. ജോസഫ് (കുഞ്ഞേപ്പ്)

കിഴക്കേത്തൊട്ടിയിൽ പൈലോയുടെ മക്കളിൽ നാലാമനായ കുഞ്ഞേപ്പ് എന്നുവിളിക്കുന്ന ജോസഫ് 1915ൽ ജനിച്ചു. 1938ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉടൻ കൊല്ലത്തുള്ള ടെലിഗ്രാഫിക് ഇൻസ്റ്റിറ്റ്യൂട്ടിൽ ടെലിഗ്രാഫി പഠിക്കാൻ പോയി. 1939 ൽ അദ്ധ്യാപകനായി ജോലി ലഭിച്ചു. 1939 മുതൽ 1944 വരെ അഞ്ചു വർഷക്കാലം വിവിധ സ്കൂളുകളിൽ ജോലി ചെയ്തു. 1944 ൽ പാലാ സെൻട്രൽ ബാങ്കിൽ ക്ലാർക്കായി ജോലി ലഭിച്ചു. കൊച്ചി, ആലുവ മുതലായ ബ്രാഞ്ചുകളിൽ 1949 വരെ ജോലി നോക്കുകയും ചെയ്തു. 1949 ൽ ഗവ.സർവ്വീസിൽ ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ ജോലിയിൽ പ്രവേശിച്ചു. ആലപ്പുഴ, ഏറ്റുമാനൂർ, പാലാ, കോട്ടയം, ചങ്ങനാശ്ശേരി എന്നീ കോടതികളിൽ 1970 വരെ ജോലിയിൽ തുടർന്നു. 1970 ൽ കോട്ടയം ജില്ലാക്കോടതിയിൽ നിന്നു പെൻഷൻ പറ്റുകയും ചെയ്തു. 1950 ൽ കാഞ്ഞിരപ്പള്ളി എളപ്പുപാറ ജോണിന്റെ മകൾ അദ്ധ്യാപികയായ തങ്കമ്മയെ വിവാഹം ചെയ്തു. തങ്കമ്മ 1979 ൽ കടപ്പൂര് ഗവ. ഹൈസ്കുളിൽ നിന്നും ജോലിയിൽ നിന്നു വിരമിക്കുകയും

ഇരുവരും തറവാടായ കിഴക്കേത്തൊട്ടിയിൽ സ്വസ്ഥമായ ജീവിതം നയിക്കുകയും ചെയ്തു. ജോസഫ് നാടിന്റെയും ഇടവകപ്പള്ളിയുടെയും നാനാവിധമായ അഭിവൃദ്ധിക്കുവേണ്ടി നേതൃനിരയിൽ നിന്നു പ്രവർത്തിച്ചിട്ടുണ്ട്. ഏതാണ്ട് 27 വർഷക്കാലം കൂടല്ലൂർപള്ളിയുടെ യോഗപ്രതിനിധിയും ഏതാനും വർഷം മതാദ്ധ്യാപകനുമായിരുന്നു. ഇക്കാലത്ത് പള്ളിയുടെ വ്യവഹാരകാര്യങ്ങളുടെ നടത്തിപ്പിൽ പ്രധാന പങ്കുവഹിച്ചിരുന്നു. 1967ൽ സ്ഥാപിതമായ കടപ്പൂര് അമ.മാതാവിന്റെ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു പിതൃസഹോദരപുത്രനായ മുതുകാട്ടിൽ എം.ഡി ജോസഫിനോടൊപ്പം നേതൃനിരയിൽ നിന്നു പ്രവർത്തിച്ചിട്ടുണ്ട്. 1971മുതൽ 1974 വരെയുള്ള കാലഘട്ടത്തിൽ കാണക്കാരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എന്ന നിലയിലും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ജോസഫ്-തങ്കമ്മ ദമ്പതികൾക്കു മൂന്നു പെൺമക്കളും രണ്ട് ആൺമക്കളുമുണ്ട്,



കിഴക്കേതൊട്ടിയിൽ കെ.പി. ജോസഫും ഭാര്യ തങ്കമ്മയും

1 ഡോ. ബാബു ജോസഫ്
2 മറിയമ്മ ജോർജ്ജ്
3 എത്സമ്മ പീറ്റർ
4 രാജു കെ. ജോസഫ് (ജോൺ)
5 ട്രീസാ സജി (കൊച്ചുറാണി)



കിഴക്കേതൊട്ടിയിൽ കെ.പി. ജോസഫും കുടുംബവും

## 1) ഡോ. ബാബു ജോസഫ് IRS

കിഴക്കെതൊട്ടിയിൽ ജോസഫ്-തങ്കമ്മ ദമ്പതികളുടെ മൂത്തപുത്രൻ ബാബു 13.01.1951 ൽ ജനിച്ചു. ഫിസിക്സിൽ എം.എസ്.സി.യും പി.എച്ച്.ഡിയും ഡിഗ്രികൾ എടുത്തു. ഇന്ത്യൻ റവന്യൂ സർവ്വീസ് (IRS) ഉദ്യോഗസ്ഥനായി ഗുജറാത്ത്, തമിഴ്നാട്, കേരള സംസ്ഥാനങ്ങളിൽ ജോലി ചെയ്തു. 2011 ജനുവരിയിൽ ആദായ നികുതി അഡീഷണൽ കമ്മീഷണറായി കൊച്ചിയിൽ നിന്നും വിരമിച്ചു. പിന്നീട് ബറോഡാ യൂണിവേഴ്സിറ്റിയിൽ നിന്നും LLB (Special) ഡിഗ്രി സമ്പാദിച്ചതിനുശേഷം അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്ത് പ്രാക്ടീസ് ചെയ്തു വരുന്നു.



കിഴക്കേതൊട്ടിയിൽ ബാബു ജോസഫും കുടുംബവും

ബാബു 18.8.1975 ൽ പാലാ കരൂർ കാടൻകാവിൽ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറായിരുന്ന പരേതനായ കെ.സി. ചാണ്ടിയുടെയും അമയന്നൂർ ചേപ്പുംപാറ തോപ്പിൽ പരേതയായ കുട്ടിയമ്മയുടേയും സീമന്തപുത്രി മേഴ്സിയെ വിവാഹം ചെയ്തു. മേഴ്സി കേന്ദ്ര ഗവൺമെന്റിന്റെ ടെലികോം വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്നു. ഉദ്യോഗത്തിൽ നിന്നും വിരമിച്ചശേഷം ഇരുവരും കടപ്പൂരുള്ള വസതിയിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് നിറ്റി, ലിസ എന്ന രണ്ടു പുത്രിമാരും അരുൺ എന്ന ഒരു പുത്രനുമുണ്ട്.

**നിറ്റി:** 24-11-1976 ൽ ജനിച്ചു. എം. ഫാം. ഡിഗ്രി സമ്പാദിച്ചതിനുശേഷം ഭർത്താവ് ചെങ്ങനാശ്ശേരി നാലുകോടി ഒട്ടത്തിൽ എഞ്ചിനീയർ ബോബി ജോർജ്ജിനൊപ്പം അമേരിക്കയിൽ വെർജീനിയ സ്റ്റേറ്റിൽ 2002 മുതൽ താമസിക്കുന്നു. മകൻ : റയൻ, അമേരിക്കയിൽ പഠിക്കുന്നു.

**2. ഡോ. ലിസ** 25.7.1980ൽ ജനിച്ചു. ബി.ഡി.എസ്. ഡിഗ്രി 2004 ൽ എടുത്ത് കഴിഞ്ഞ 10 വർഷമായി പ്രാക്ടീസ് ചെയ്യുന്നു. ഇപ്പോൾ കാരിത്താസ് ആശുപത്രിയിൽ കൺസൾട്ടന്റ് ഡന്റൽ സർജനായി ജോലി ചെയ്യുന്നു. കൂടാതെ സ്വന്തമായി ഏറ്റുമാനൂരിൽ സ്മൈൽ കെയർ ഡന്റൽ ക്ലിനിക് & മൾട്ടി സ്പെഷ്യാലിറ്റി സെന്റർ എന്ന സ്ഥാപനവും നടത്തുന്നു. മകൻ നീൽ (മാണി), കട്ടച്ചിറ മേരിമൗണ്ട് പബ്ലിക് സ്കൂളിൽ 5-ാം ക്ലാസിൽ പഠിക്കുന്നു.

**3. ഡോ. അരുൺ** : 22.10.1983ൽ ജനിച്ചു. 2008 ൽ കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ് 2014 ൽ തഞ്ചാവൂർ ഗവ. മെഡിക്കൽ കോളേജിൽ നിന്നും ജനറൽ സർജറിയിൽ എം.എസ് ഡിഗ്രികൾ എടുത്തശേഷം ഇപ്പോൾ ന്യൂറോ സർജറിയിൽ സൂപ്പർ സ്പെഷ്യാലിറ്റി (M. Ch.) ഡിഗ്രിക്ക് കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ പഠിക്കുന്നു. ഭാര്യ ഹെലൻ കോയിത്തറ MSW (ചിപ്പി) ഏറ്റുമാനൂർ കട്ടച്ചിറ കോയിത്തറ കുടുംബാഗമാണ്. മകൻ - പോൾ (ജനനം 20.4.2013)



കിഴക്കേതൊട്ടിയിൽ ഡോ. അരുൺ ബാബുവും കുടുംബവും

### 2) മറിയമ്മ

കിഴക്കേത്തൊട്ടിയിൽ ജോസഫിന്റെ പെൺമക്കളിൽ മൂത്ത വളായ മറിയമ്മ 1954ൽ ജനിച്ചു. പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തി യാക്കി. ആർപ്പൂക്കര മൂന്നുകണ്ടത്തിൽ തോമസിന്റെ മകൻ ജോർജ്ജ് വിവാഹം ചെയ്തു. ജോർജ്ജ് ആർപ്പൂക്കര കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയിൽ ഉദ്യോഗസ്ഥനായി വിരമിച്ചു. അവർക്ക് രണ്ടു പെൺമക്കളും രണ്ട് ആൺ മക്കളുമുണ്ട്.

### 3) എത്സമ്മ

കിഴക്കേത്തൊട്ടിയിൽ ജോസഫിന്റെ മക്കളിൽ മൂന്നാമത്തെ ആളാണ് എത്സമ്മ. 1957ൽ ജനിച്ചു. MA, BEd വിദ്യാഭ്യാസം പൂർത്തി യാക്കി എത്സമ്മയെ തൃശൂർ ജില്ല കുന്നംകുളം കാഞ്ഞിരത്തുങ്കൽ ചാക്കുണ്ണിയുടെ പുത്രൻ പീറ്റർ വിവാഹം ചെയ്തു. കോഴിക്കോട് ജില്ലയിൽ പുന്നയ്ക്കലിൽ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ നിന്നും അദ്ധ്യാപികയായി റിട്ടയർ ചെയ്തു.പീറ്റർ എൻജിനീയറാ യി റിട്ടയർ ചെയ്തു. ഇവർ കുന്നംകുളത്തു വിശ്രമജീവിതം നയി ക്കുന്നു. ഇവർക്ക് രണ്ടു പെൺമക്കളാണുള്ളത്.

### 4) രാജു (ജോൺ)

രാജു എന്നു വിളിക്കുന്ന ജോൺ കിഴക്കേത്തൊട്ടിയിൽ ജോസഫിന്റെ ഇളയമകനാണ്. 28.3.1960ൽ ജനിച്ചു. കോളേജ് വിദ്യാ ഭ്യാസത്തിനു ശേഷം 1983 ൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. കർണാടകയിലെ മാണ്ഡ്യ, തമിഴ്നാട്ടിലെ

പല്ലപാളയം, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, മലപ്പുറം ജില്ലയിലെ കരുവാരുകുണ്ട്, ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ എന്നിവടങ്ങളിൽ ജോലി ചെയ്ത ശേഷം ഇപ്പോൾ കോട്ടയം ജില്ലയിലെ അതിരമ്പുഴ യിൽ അസിസ്റ്റന്റ് മാനേജരായി ജോലി ചെയ്യുന്നു. സൗത്ത് ഇന്ത്യൻ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ കോട്ടയം ജില്ലാ സെക്രട്ടറി, അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ പദവികളിലും പ്രവർത്തിച്ചിട്ടുണ്ട്. രാജു 29.11.87ൽ പൂവരണി കാഞ്ഞമലയിൽ മാണി-റോസമ്മ ദമ്പതികളുടെ മൂത്തമകൾ ജോളിയെ വിവാഹം ചെയ്തു. രാജു-ജോളി ദമ്പതികൾക്ക് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്.



കിഴക്കേതൊട്ടിയിൽ രാജു ജോസഫും കുടുംബവും

**1. ജസ്‌ലിൻ 2 ജോസഫ്**

**1. ജസ്‌ലിൻ** 9.11.88ൽ ജനിച്ചു. കോട്ടയം ബി.സി.എം കോളേജിൽ നിന്ന് ഡിഗ്രിയും, സി.എം.സ് കോളേജിൽ നിന്ന് സോഷ്യോളജിയിൽ ബിരുദാനന്ത ബിരുദവും നേടി.2011 ൽ ചങ്ങനാശ്ശേരി കോട്ടമുറി മതുപുറത്ത് ജോബിഷ് വിവാഹം ചെയ്തു. ജോബിഷ് ബിസിനസുകാരനാണ്. അവർക്ക് രണ്ടുപെൺമക്കളുണ്ട്.

**2. കെവിൻ :** കെവിൻ എന്ന ജോസഫ് 26.8.1992 ൽ ജനിച്ചു. കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് പാസ്സായ ശേഷം മുംബൈയിൽ ജോലി ചെയ്യുന്നു.

## 5) ട്രീസ (കൊച്ചുറാണി)

കിഴക്കേത്തൊട്ടിയിൽ ജോസഫിന്റെ ഇളയമകളായ കൊച്ചു റാണി എന്നുവിളിക്കുന്ന ട്രീസാ 1963ൽ ജനിച്ചു. BA വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഗുജറാത്തിലെ അഹമ്മദാബാദിൽ ഗാന്ധി നഗറിൽ കേന്ദ്രഗവൺമെന്റ് സർവ്വീസിൽ അക്കൗണ്ടന്റ് ജനറൽ ആഫീസിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ ഓഡിറ്ററായി ജോലി യിൽ തുടരുന്നു. ട്രീസയെ പത്തനംതിട്ട ജില്ലയിൽ വയത്തല തേവർകാട്ടിൽ എബ്രഹാമിന്റെ (ഉണ്ണൂണ്ണി സാർ) മകൻ സജി വിവാഹം ചെയ്തു. സജി ഗുജറാത്തിൽ ഗാന്ധിനഗർ സെന്റ് സേവി യേഴ്സ് ഹൈസ്കൂളിൽ അദ്ധ്യാപകനാണ്. ഇവർ ഗുജറാത്തിൽ താമസിക്കുന്നു. ഇവർക്ക് രണ്ടാൺമക്കളുണ്ട്.

## 5. മറിയം (പെണ്ണ്)

കിഴക്കേത്തൊട്ടിയിൽ പൈലോയുടെ മക്കളിൽ അഞ്ചാ മത്തെ ആളായ മറിയത്തെ വയലാ ഇടവക കുഞ്ഞാനായിൽ ജോൺ വിവാഹം ചെയ്തു. മൂന്നാമത്തെ കുട്ടിയുടെ ജനനത്തൊടുകൂടി പ്രസ വസംബന്ധമായ അസുഖത്താൽ മറിയം മരണമടഞ്ഞു. ഇവർക്ക് രണ്ട് ആൺമക്കളും ഒരു മകളുമുണ്ട്.

## 6. വർക്കി

കുഞ്ഞുവർക്കി എന്നു വിളിക്കുന്ന വർക്കി കിഴക്കേത്തൊ ട്ടിയിൽ പൈലോയുടെ മക്കളിൽ ആറാമനാണ്. 1922ൽ ജനിച്ചു. മിഡിൽസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1944ൽ മുത്തോല പുരം പറയിടത്തിൽ തോമസിന്റെ മകൾ മറിയത്തെ വിവാഹം ചെയ്തു. മറിയം അസുഖം മൂലം 1949ൽ മരിച്ചു. മറിയത്തിനു മക്ക ളില്ലായിരുന്നു. 1950ൽ കടപ്ലാമറ്റം കീപ്പുറത്ത് അവിരായുടെ മകൾ കത്രീനയെ വർക്കി രണ്ടാം വിവാഹം ചെയ്തു. പാലാ സെന്റ് തോമസ് കോളജ് റിട്ടയേർഡ് പ്രൊഫസർ വി. എ. ചാക്കോയും, മാംഗ്ളൂർ ഫാ. മുള്ളേഴ്സ് ഹോമിയോ കോളജ് പ്രിൻസിപ്പൽ ഡോ. കെ. എ. ജോസഫും കത്രീനയുടെ സഹോദരന്മാരും ജലന്തർ രൂപ തയുടെ ബിഷപ്പ് റൈറ്റ് റവ. ഡോ. സിംഫോറിയൻ കീപ്പുറം പിതൃ സഹോദരപുത്രനുമാണ്. വിവാഹാനന്തരം കുഞ്ഞുവർക്കി സ്വന്ത മായി വാങ്ങിയ മറ്റപ്പള്ളിപ്പുരയിടത്തിലേക്കു മാറിത്താമസിച്ചു. ഒരു നല്ല കൃഷിക്കാരനും കഠിനാദ്ധ്വാനിയുമാണു വർക്കി. 1967ൽ സ്ഥാപി തമായ കടപ്പൂരു കുരിശുപള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കു മുൻപന്തിയിൽ നിന്നു പ്രവർത്തിച്ചിട്ടുണ്ട്. വർക്കി– കത്രീനാ ദമ്പ തികൾക്ക് മൂന്ന് ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. കത്രീന

1996 ഡിസംബർ 26-ാം തിയതി തറവാട്ടിൽ വച്ചും വർക്കി രണ്ടാമത്തെ പുത്രനായ റ്റോണിയുടെ ഒപ്പം താമസിച്ച് വരവെ 2013 ജൂൺ മാസം 27-ാം തീയതി നിര്യാതരായി. ഇരുവരെയും കൂടല്ലൂർ സെന്റ് ജോസഫ് പള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു.



കിഴക്കേതൊട്ടിയിൽ (മറ്റപ്പള്ളിൽ) കെ.പി. വർക്കിയും ഭാര്യ കത്രീനയും

1. മേഴ്സി 2. സണ്ണി 3. ജെസ്സി 4 ആൻസി
5 റ്റോണി 6 സിബി (ഫാ. ഫ്രാൻസിസ് മൂശാരിയേട്ട്)



കിഴക്കേതൊട്ടിയിൽ (മറ്റപ്പള്ളിൽ) കെ.പി. വർക്കിയും കുടുംബവും

### 1 മേഴ്സി

മേഴ്സി 1953 ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1971ൽ അതിരമ്പുഴ തെങ്ങുംതോട്ടത്തിൽ ദേവസ്യായുടെ മകൻ ജോർജ്ജ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് 3 ആണും 1 പെണ്ണും മക്കളായുണ്ട്.

### 2. സണ്ണി

മറ്റപ്പള്ളിൽ വർക്കിയുടെ മക്കളിൽ രണ്ടാമനായ സണ്ണി 13.2.1956ൽ ജനിച്ചു. പ്രീഡിഗ്രിയും സഹകരണ ട്രെയിനിംഗ് കോഴ്സും പാസ്സായ ശേഷം B.Com ഡിഗ്രിക്കു പഠിച്ചുകൊണ്ടിരിക്കുമ്പോൾ 1976ൽ മുത്തോലി സർവ്വീസ് സഹകരണബാങ്കിൽ ക്ലാർക്കായി നിയമനം ലഭിച്ചു. 1977 ൽ സീനിയർ ക്ലാർക്കായും 1979ൽ അക്കൗണ്ടന്റായും 1983ൽ ചീഫ് അക്കൗണ്ടന്റായും 1984ൽ അസി. സെക്രട്ടറിയായും പിന്നീട് സെക്രട്ടറിയായും 37 വർഷത്തെ സേവനത്തിനു ശേഷം 30.11.2013 ൽ വിരമിച്ചു. 1994 മുതൽ കൂടല്ലൂർ സെന്റ് ജോസഫ്സ് പള്ളി യോഗപ്രതിനിധിയായും പ്രവർത്തിക്കുന്നു. 25.5.1980 ൽ വാഴൂർ ചെങ്കൽ പള്ളി ഇടവക ശ്രാമ്പിക്കൽ മാത്യുവിന്റെ മകൾ എത്സിക്കുട്ടിയെ (കുഞ്ഞുമോൾ) വിവാഹം ചെയ്തു. തറവാടായ മറ്റപ്പള്ളിൽ താമസിക്കുന്നു. സണ്ണി–എത്സിക്കുട്ടി ദമ്പതികൾക്കു മൂന്നു പുത്രിമാരും ഒരു പുത്രനുമുണ്ട്.



കിഴക്കേതൊട്ടിയിൽ (മറ്റപ്പള്ളിൽ) എം.വി. സണ്ണിയും കുടുംബവും

1. അനു ( കാതറൈൻ) 2) അനിത (എലിസബത്ത് )
3 അഞ്ജു ( ട്രീസ) 4 എബിൻ ( ജോർജ്ജ്)

**1. അനു :** അനു എന്നു വിളിക്കുന്ന കാതറൈൻ 14.6.82ൽ ജനിച്ചു. MSc BEd വിദ്യാഭ്യാസത്തിനുശേഷം കാണക്കാരി ഗവൺമെന്റ് ഹൈസ്കൂളിൽ ടീച്ചറായി ജോലി നോക്കുന്നു. കാളികാവ് ഇടവക കടപ്പൂര് നടുത്തേട്ട് അബ്രാഹമിന്റെ മകൻ ഷിനോയെ വിവാഹം ചെയ്തു. ഷിനോ പോപ്പുലർ (മാരുതി) കമ്പനിയിൽ ഫീൽഡ് മാനേജരായി പാലായിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് ഒരു മകളുണ്ട്.

**2. അനിത:** അനിത എന്നു വിളിക്കുന്ന എലിസബത്ത് 6.3.1986ൽ ജനിച്ചു. MSc നഴ്സിംഗിനു ശേഷം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇ.എസ്.ഐ കോർപ്പറേഷന്റെ ചെന്നൈയിലെ കെ.കെ നഗറിലുള്ള ആശുപത്രിയിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. ചങ്ങനാശ്ശേരി അന്താലിൽ മാത്യുവിന്റെ മകൻ ആൽവിൻ വിവാഹം ചെയ്തു. MSc Biotechnology ബിരുദധാരിയായ ആൽവിൻ Dss Takara Bio India Pvt.Ltd എന്ന ജപ്പാൻ കമ്പനിയുടെ ചെന്നൈയിലുള്ള ഓഫീസിൽ അസി.മാനേജറായി ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകളുണ്ട്.

**3. അഞ്ജു :** അഞ്ജു എന്നു വിളിക്കുന്ന ട്രീസാ 4.12.87ൽ ജനിച്ചു. പ്രീഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം സിംഗപ്പൂർ നാഷ്ണൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഡിസ്റ്റിംഗ്ഷനോടെ എൻജിനിയറിംഗ് പാസ്സായി. ഇപ്പോൾ സിംഗപ്പൂരിലുള്ള Sime –Conductor Asia Pvt.Lt. എന്ന കമ്പനിയിൽ എൻജിനീയറായി ജോലി ചെയ്യുന്നു. ചങ്ങനാശ്ശേരി കോപ്പാറ ജോർജ്ജിന്റെ മകൻ അലക്സ് വിവാഹം ചെയ്തു. അലക്സ് ദുബായിൽ എൻജിനീയറാണ്. ഇവർക്ക് ഒരു മകളുണ്ട്.

**4. എബിൻ;** എബിൻ എന്നു വിളിക്കുന്ന ജോർജ്ജ് 25.7.90ൽ ജനിച്ചു. 31.12.2014 ൽ കോട്ടയം ഗവ.മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ് പാസ്സായി. ഇപ്പോൾ പിജി എൻട്രൻസിന് പഠിക്കുന്നു.

## 3) ജെസ്സി

മറ്റപ്പള്ളിൽ വർക്കിയുടെ മക്കളിൽ മൂന്നാമത്തവളായ ജെസ്സി 1959ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1981ൽ അമ്മഞ്ചേരിൽ കുളങ്ങര വീട്ടിൽ വർക്കിയുടെ മകൻ മാത്യു വിവാഹം ചെയ്തു. ഇവർക്ക് 1 ആണും 2 പെൺമക്കളുമുണ്ട്.

## 4) ആൻസി

മറ്റപ്പള്ളിൽ വർക്കിയുടെ മക്കളിൽ നാലാമത്തവളായ ആൻസി 1962ൽ ജനിച്ചു. BA BEd ഡിഗ്രിയും പാസ്സായി. തുടർന്ന് സർക്കാർ സർവ്വീസിൽ അദ്ധ്യാപികയായി കണ്ണൂർജില്ലയിൽ നിയമനം ലഭിച്ചു. ഇപ്പോൾ കണ്ണൂർ ജില്ലയിൽ ഒറ്റത്തൈ ഗവ. എൽ. പി. സ്കൂളിൽ ഹെഡ് മിസ്ട്രസ്സ് ആയി ജോലിചെയ്യുന്നു. 1986ൽ മണിമല താഴത്തുവടകര മഠത്തുംമുറിയിൽ ദേവസ്യായുടെ മകൻ തോമസ് വിവാഹം ചെയ്തു. തോമസും കാർത്തികപുരം ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നു. ഇവർ കാർത്തികപുരത്തു സ്ഥലം വാങ്ങി വീടുപണിതു മഠത്തും മുറിയിൽ എന്ന വീട്ടുപേരിൽ താമസിക്കുന്നു. ഇവർക്ക് 1 ആണും 2 പെൺമക്കളുമുണ്ട്. തോമസ് 27.06.2005 ൽ നിര്യാതനായി.

## 5) ടോണി

മറ്റപ്പള്ളിൽ വർക്കിയുടെ മക്കളിൽ അഞ്ചാമനായ ടോണി 25.4.1965ൽ ജനിച്ചു. 1987ൽ ബി.എ. ഡിഗ്രിയും തുടർന്ന് സ്റ്റെനോഗ്രാഫിയും പാസ്സായി. 8 വർഷക്കാലം പഞ്ചാബിലെ ലുധിയാനയിൽ സ്റ്റെനോഗ്രാഫറായി ജോലി ചെയ്തു. 1996 ജനുവരി 30 മുതൽ സി. എം. ഐ വൈദീകരുടെ നേതൃത്വത്തിലുള്ള കോട്ടയം ദർശന അക്കാദമിയിൽ ചീഫ് കോർഡിനേറ്ററായി ജോലി ചെയ്യുന്നു. 16.5.1993 ൽ കടപ്പൂര് വള്ളോംപ്രായിൽ മാത്യുവിന്റെ മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഇവർക്ക് 2 പെൺകുട്ടികളും 1 ആൺകുട്ടിയും ഉണ്ട്.



കിഴക്കേതൊട്ടിയിൽ ടോണി ജോർജ്ജു കുടുംബവും

1. കാതറൈൻ (ഗ്രീഷ്മ) 2. അന്ന (ആഷി)
3. ജോസ് (റോഷ്)

**1. കാതറൈൻ :** ഗ്രീഷ്മ എന്നു വിളിക്കുന്ന കാതറൈൻ BSc സുവോളജി പഠനത്തിനു ശേഷം മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ MHA (Master of Hospital Administration) പഠിക്കുന്നു.

**2. അന്ന (ആഷി)** ആഷി എന്നു വിളിക്കുന്ന അന്ന പ്ലസ്ടു പഠനത്തിന് ശേഷം ബഥനി കോളജ് ഓഫ് നഴ്സിംങ് ബിലായിയിൽ BSc നഴ്സിംങ് പഠിക്കുന്നു.

**3. ജോസ് (റോഷ്)** റോഷ് എന്നു വിളിക്കുന്ന ജോസ് ഏറ്റുമാനൂർ SFS Public School ൽ 8-ാം ക്ലാസ്സിൽ പഠിക്കുന്നു.

## 6) ഫാ. സിബി (ഫ്രാൻസിസ്)

സിബി എന്നു വിളിക്കുന്ന ഫ്രാൻസിസ് മറ്റപ്പള്ളിൽ വർക്കിയുടെ ഇളയമകനാണ്. 10.9.1967ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1983ൽ വൈദികപഠനത്തിനായി ഏറ്റുമാനൂരുള്ള SFS മൈനർ സെമിനാരിയിൽ ചേർന്നു. 1986 വരെ ഏറ്റുമാനൂരും തുടർന്ന് 1987 വരെ വിശാഖപട്ടണത്തും 1987 മുതൽ 1990 വരെ ബാംഗ്ലൂരും 1990 മുതൽ 91 വരെ നാഗാലാൻഡിലും തുടർന്ന് മേഘാലയ സംസ്ഥാനത്ത് ഷില്ലോംഗിലുമുള്ള SFS സെമിനാരികളിൽ വൈദിക പഠനം നടത്തി. 10.11.1995ൽ സ്വന്തം ഇടവകയായ കൂടല്ലൂർ സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് അഭിവന്ദ്യ ജോൺ കട്രുകുടി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം 1995 മുതൽ 1998 വരെ മേഘാലയ സംസ്ഥാനത്തെ തൂറാ രൂപതയിലെ ചിമഇംപൽ എസ്.എഫ്.എസ് സ്കൂളിൽ പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു. 1999 ൽ ബി.എഡ് പഠനത്തിനു ശേഷം 2000 മുതൽ 2004 വരെ നാഗാലാന്റിലെ മെഡ്സിവെമയിലും 2004 മുതൽ 2006 വരെ ആസാമിലെ തെലമിലും 2006 മുതൽ 2009 വരെ ആസാമിലെ ഗുവഹട്ടിയിലും എസ്.എഫ്.എസ്. സ്കൂളുക



ഫാ. സിബി മറ്റപ്പള്ളിൽ
(മൂശാരിയേട്ട്) MSFS

ളിൽ സേവനം അനുഷ്ഠിച്ചു. 2009-2010 ൽ എം.എഡ്. പാസായി. എം.എഡ് പഠനത്തിന് ശേഷം അരുണാചലിൽ എസ്.എഫ്.എസ്. കോളജിൽ ലക്ചറായി, 2011 മുതൽ 2012 വരെ സേവനം ചെയ്തു. ഇപ്പോൾ നൊങ്കൽ ബിബ്രാ എന്ന സ്ഥലത്ത് എസ്.എഫ്.എസ്. സ്കൂൾ പ്രിൻസിപ്പലായും ഇടവക വികാരിയായും സേവനം അനുഷ്ഠിക്കുന്നു.

## 7. സെബാസ്റ്റ്യൻ (പാപ്പച്ചൻ)

കിഴക്കേത്തൊട്ടിയിൽ പൈലോയുടെ ഇളയമകനായ പാപ്പച്ചൻ എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ 1929ൽ ജനിച്ചു. മിഡിൽസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി. 1947ൽ ഉള്ളനാടു മ്ലാക്കുഴിയിൽ സെബാസ്റ്റ്യന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. 1951ൽ മലബാറിൽ കോഴിക്കോടു ജില്ലയിൽ പുന്നയ്ക്കലിലേക്കു കുടിയേറിപ്പാർത്തു. അവിടെ മൂശാരിയേട്ട് എന്ന വീട്ടുപേരിൽ താമസിക്കുന്നു. പുന്നയ്ക്കൽ എത്തിയ ശേഷം മലഞ്ചരക്കു വ്യാപാരം ആരംഭിച്ച പാപ്പച്ചനു വ്യാപാരരംഗത്തു നല്ല പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു. മലഞ്ചരക്കു വ്യാപാരത്തോടൊപ്പം പലചരക്കു വ്യാപാരം, റേഷൻ കട തുടങ്ങിയ കച്ചവടങ്ങളും പാപ്പച്ചൻ ചെയ്തിരുന്നു. അദ്ദേഹം പുന്നയ്ക്കലിലെ പ്രമുഖനായൊരു മലഞ്ചരക്കുവ്യാപാരിയായിരുന്നു. വ്യാപാരത്തോടൊപ്പം കൃഷിയും അഭിവൃദ്ധിപ്പെടുത്തുവാൻ പാപ്പച്ചനു കഴിഞ്ഞു. പാപ്പച്ചൻ-അന്നമ്മ ദമ്പതികൾക്കു നാലു പുത്രന്മാരും നാലു പുത്രിമാരുമുണ്ട്. പാപ്പച്ചൻ 27.10.1995 ൽ അന്തരിച്ചു. അന്നമ്മ വാർദ്ധക്യസഹജമായ അസുഖത്താൽ 31.08.2010 ൽ അന്തരിച്ചു. ഇരുവരെയും പുന്നയ്ക്കൽ സെന്റ് സെബാസ്റ്റ്യൻസ് പള്ളി സെമിത്തേരിയിലെ കുടുംബകല്ലറയിൽ സംസ്കരിച്ചു.



കിഴക്കേതൊട്ടിയിൽ (മൂശാരിയേട്ട്) സെബാസ്റ്റ്യനും (പാപ്പച്ചൻ) കുടുംബവും (പുന്നയ്ക്കൽ - കോഴിക്കോട്)

| | | |
|---|---|---|
| 1 ജോയി | 2 ഗ്രേസി | 3 വത്സ |
| 4 ബാബു | 5 ജോസ് | 6 പ്രസാദ് |
| 7 നിർമ്മല | 8 ഷൈനി | |

**1 ജോയി**

15.8.1951ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം പിതാവിനോടൊപ്പം വ്യാപാരരംഗത്തു പ്രവർത്തിക്കുവാൻ തുടങ്ങി. 1974ൽ നിലമ്പൂർ മണിമൂളികരയിൽ ജോസഫിന്റെ മകൾ റോസമ്മയെ വിവാഹം ചെയ്തു. വിവാഹാനന്തരം സ്വന്തമായി വീടുപണിതു വേറെ താമസമാരംഭിക്കുകയും ചെയ്തു. റോസമ്മ 28.9.89ൽ അസുഖം മൂലം മരണമടഞ്ഞു. ജോയി 5.11.90ൽ ആനയ്ക്കാംപൊയിൽ വടക്കേപ്പുറത്തു വീട്ടിൽ ജോസഫിന്റെ മകൾ സിസിലിയെ രണ്ടാം വിവാഹം ചെയ്തു. ജോയിക്ക് ആദ്യവിവാഹത്തിൽ രണ്ടു പുത്രിമാരും ഒരു പുത്രനും രണ്ടാ വിവാഹത്തിൽ ഒരു പുത്രിയും മക്കളായുണ്ട്.



കിഴക്കേതൊട്ടിയിൽ (മൂശാരിയേട്ട്) ജോയിയും കുടുംബവും (കോഴിക്കോട്)

1. റ്റിഷ 2. പ്രീതി 3. ജെസ്റ്റിൻ 4. അമലു

**1. റ്റിഷ :** റ്റിഷ 1975ൽ ജനിച്ചു ബി.എ. വിദ്യാഭ്യാസം പൂർത്തിയാക്കി. 13.9.93ൽ നിലമ്പൂർ അണയ്ക്കൽ ജോർജ്ജിന്റെ മകൻ സജി വിവാഹം ചെയ്തു.

**2. പ്രീതി** 1977ൽ ജനിച്ചു പ്രീഡിഗ്രി വിദ്യാഭ്യാസത്തിനു ശേഷം വിവാഹം കഴിച്ചയച്ചു.

**3. ജസ്റ്റിൻ** 4.5.1981ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി നിലമ്പൂരിൽ ബിസിനസ് നടത്തുന്നു.25.06.2009 ൽ പുന്നയ്ക്കൽ കൊച്ചുകയ്പ്പയിൽ ഷീബയെ വിവാഹം ചെയ്തു. ഷീബ മണാശ്ശേരി ഹോസ്പിറ്റലിൽ നഴ്സായി ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് ഒരു പുത്രനും ഒരു പുത്രിയുമുണ്ട്

1.ഏബൽ - ജസ്റ്റിന്റെ മകനായ ഏബൽ 3.12.2010 ൽ ജനിച്ചു.യൂ.കെ.ജി യിൽ പഠിക്കുന്നു.

2.ഏയ്ലിൻ - ജസ്റ്റിന്റെ മകളായ ഏയ്ലിൻ 2.2.2013 ൽ ജനിച്ചു.

**4. അമലു** 4.5.1992 ൽ ജനിച്ചു. ബി.എസ്.സി. നഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കി ജോലിക്ക് ശ്രമിക്കുന്നു.

## 2) ഗ്രേസി

മൂശാരിയേട്ടു പാപ്പച്ചന്റെ മക്കളിൽ രണ്ടാമത്തവളായ ഗ്രേസി 2.5.1953ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. കൂടരഞ്ഞി കുന്നത്തു ജോണിന്റെ മകൻ ജോർജ്ജ് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആണും 1 പെണ്ണും മക്കളായുണ്ട്.

## 3) വത്സ

വത്സ മൂശാരിയേട്ട് പാപ്പച്ചന്റെ മക്കളിൽ മൂന്നാമത്തവളാണ്. 8.7.1956ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. വത്സയെ പുന്നയ്ക്കൽ കൊച്ചുകൈയ്പയിൽ ജോസഫിന്റെ മകൻ ജേക്കബ് വിവാഹം ചെയ്തു. ഇവർക്ക് 2 ആണും 2 പെണ്ണും മക്കളായുണ്ട്.

## 4) ബാബു

മൂശാരിയേട്ടു പാപ്പച്ചന്റെ ആൺമക്കളിൽ രണ്ടാമനാണു ബാബു. 7.9.1959ൽ ജനിച്ചു. പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കി. 1986 ൽ വിളക്കാംതോട് മുടിയാട്ട് ജോസഫിന്റെ മകൾ ഫിലോമിനയെ വിവാഹം ചെയ്തു. വിവാഹാനന്തരം പുന്നയ്ക്കലിൽ വേറെ വീടുവെച്ചു കൃഷികാര്യങ്ങൾ ശ്രദ്ധിച്ചു താമസിക്കുന്നു. ബാബുവിന് ഒരു പുത്രനും ഒരു പുത്രിയുമുണ്ട്.

**1. അഖിൽ** – മൂശാരിയേട്ട് ബാബുവിന്റെ ഏകപുത്രനായ അഖിൽ 3.10.1996 ൽ ജനിച്ചു. BBM ഡിഗ്രിക്കു പഠിക്കുന്നു.

**2. അലീഷ** – മൂശാരിയേട്ട് ബാബുവിന്റെ ഏകമകളായ അലീഷ 1.03.1999 ൽ ജനിച്ചു. പ്ലസ്ടു വിദ്യാർത്ഥിയാണ്.

## 5) ജോസ് പ്രസാദ്

21.7.1961ൽ ജനിച്ച ജോസ് പ്രസാദ് മൂശാരിയേട്ടു പാപ്പ ച്ചന്റെ മക്കളിൽ അഞ്ചാമനാണ്. MA MEd വിദ്യാഭ്യാസം പൂർത്തി യാക്കി. തിരുവമ്പാടി സേക്രട്ട്ഹാർട്ട് ഹയർസെക്കന്ററി സ്കൂളിന്റെ പ്രിൻസിപ്പളായി ജോലി നോക്കുന്നു 17.5.93ൽ കുമ്പാറ കരയിൽ പാറമ്പുഴ വീട്ടിൽ അബ്രാഹത്തിന്റെ മകൾ ട്രീസ്സായെ വിവാഹം ചെയ്തു. ട്രീസ്സാ സർക്കാർ സർവ്വീസിൽ ഹെഡ് നേഴ്സായി ജോലി നോക്കുന്നു. പ്രസാദ്-ട്രീസാ ദമ്പതികൾക്ക് രണ്ടു പുത്രിമാർ മക്ക ളായുണ്ട്.

1. പ്രണയസാന്ദ്ര 2. സ്നേഹസാന്ദ്ര

വാഹനാപകടത്തെത്തുടർന്ന് പ്രണയസാന്ദ്ര 18.01.2010 ലും സ്നേഹസാന്ദ്ര 27.01.2010 ലും മരണമടഞ്ഞു.

## 6) ജിമ്മി

മൂശാരിയേട്ടു പാപ്പച്ചന്റെ ആൺമക്കളിൽ ഇളയവനായ ജിമ്മി 27.11.1963ൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം കച്ചവടകാര്യങ്ങ ളിൽ പിതാവിനെ സഹായിച്ചുപോന്നു. 4.4.88ൽ കൂടരഞ്ഞി കരയിൽ കുതുമ്പേൽ പുത്തൻപുരവീട്ടിൽ ജോസഫിന്റെ മകൾ ലൂസിയെ വിവാഹം ചെയ്തു. വിവാഹാനന്തരം സ്വന്തമായി കച്ചവടം തുട ങ്ങുകയും പുതിയ വീടു പണിത് വേറെ താമസിക്കുകയും ചെയ്യു ന്നു. ജിമ്മി ലൂസി ദമ്പതികൾക്ക് ഒരു പുത്രിയും ഒരു പുത്രനുമുണ്ട്.

1. നീതു –നീതു 18.5.1989ൽ ജനിച്ചു. ബി.എസ്.സി. നഴ്സിംഗ് വിദ്യാഭ്യാസത്തിനുശേഷം മംഗലാപുരം യൂണിറ്റി ഹോസ്പിറ്റലിൽ നഴ്സായി ജോലി ചെയ്യുന്നു.

2. നിഖിൽ – മൂശ്ശാരിയേട്ട് ജിമ്മിയുടെ മകനായ നിഖിൽ 15.06.1994 ൽ ജനിച്ചു. ബി.കോം വിദ്യാഭ്യാസത്തിനുശേഷം കുട്ടി ക്കാനം മരിയൻ കോളേജിൽ ഒന്നാംവർഷ എം.ബി.എ. വിദ്യാർത്ഥി യാണ്.

## 7) നിർമ്മല

24.3.1967ൽ ജനിച്ചു നിർമ്മല മൂശാരിയേട്ടു പാപ്പച്ചന്റെ മക്കളിൽ ഏഴാമത്തവളാണ്. MA MEd. വിദ്യാഭ്യാസം പൂർത്തിയാക്കി അദ്ധ്യാപികയായി ജോലി നോക്കിയിരുന്നു. 1993ൽ മേനപ്പാറ കരയിൽ കോക്കോപ്പള്ളിൽ ജോസഫിന്റെ മകൻ സ്റ്റാൻലി വിവാഹം ചെയ്തു. നിർമ്മല ഇപ്പോൾ പോലീസ് സ്പെഷ്യൽ ബ്രാഞ്ചിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്.

## 8) ഷൈനി

മൂശാരിയേട്ടു പാപ്പച്ചന്റെ ഇളയമകളായ ഷൈനി 12.8.71ൽ ജനിച്ചു. PDC യും നഴ്സിംഗും പാസ്സായി. ഇപ്പോൾ ദുബായിൽ സ്റ്റാഫ് നഴ്സായി ജോലി നോക്കുന്നു.1997 ൽ പുന്നയ്ക്കൽ കല്ലുപ്രായിൽ സണ്ണി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് 2 ആൺമക്കളുണ്ട്.